# روضة الخطباء

## റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

sufaraulislam.com

### ചിറകുകൾ താഴ്ത്താം

24/09/2021

بسم الله الرحمن الرحيم

- സ്വഭാവം നന്നാക്കിയെടുക്കേണ്ടവനാണ് വിശ്വാസി. നമ്മുടെ പരലോകം നഷ്ടപ്പെടുത്തുന്ന വല്ലതും സ്വഭാവത്തിലുണ്ടെങ്കിൽ അത് മാറ്റിയെടുക്കാൻ പരിശീലിക്കണം.
- വിശ്വാസികൾ നേടിയെടുക്കേണ്ട സുപ്രധാന ഗുണമാണ് വിനയം.
- ഒഴിവാക്കേണ്ട ദുർഗുണമാണ് അഹങ്കാരം
- വിനയമുള്ളവരെ എല്ലാവർക്കുമിഷ്ടമാണ്.

❖ **എന്താണ് വിനയം?**

○ എന്താണ് വിനയം എന്ന് ഫുളൈൽ ബ്നു ഇയാദ്  (റ) യോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: “സത്യത്തിന് കീഴൊതുങ്ങലും അത് നടപ്പിൽ വരുത്താൻ ശ്രമിക്കലുമാണ് വിനയം.

❖ **വിശ്വാസികൾ വിനയമുള്ളവരാവണം.**

عَنْ عِيَاضِ بْنِ حِمَارٍ- رضى الله عنه - أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ :  وَإِنَّ اللَّهَ أَوْحَى إِلَىَّ أَنْ تَوَاضَعُوا حَتَّى لاَ يَفْخَرَ أَحَدٌ عَلَى أَحَدٍ وَلاَ يَبْغِي أَحَدٌ عَلَى أَحَدٍ

ഇയാള്(റ)ൽ നിന്ന്: നബി (ﷺ) പറഞ്ഞു: നിങ്ങൾ  അന്യോന്യം വിനയമുള്ളവരായി ജീവിക്കണമെന്ന്  അല്ലാഹു എനിക്ക് ദിവ്യബോധനം നൽകിയിട്ടുണ്ട്.  അതിനാൽ, ഒരാളും അപരന്റെ മേൽ അഹങ്കരിക്കുകയോ അതിക്രമം കാണിക്കുകയോ  ചെയ്യരുത്. (മുസ്‌ലിം)

❖ **വിനയം കാണിക്കുന്നവർക്ക്  ഉയർച്ചയുണ്ടാകും.**

عَنْ أَبِي هُرَيْرَةَ، عَنْ رَسُولِ اللَّهِ صلى الله عليه وسلم قَالَ :مَا نَقَصَتْ صَدَقَةٌ مِنْ مَالٍ وَمَا زَادَ اللَّهُ عَبْدًا بِعَفْوٍ إِلاَّ عِزًّا وَمَا تَوَاضَعَ أَحَدٌ لِلَّهِ إِلاَّ رَفَعَهُ اللَّهُ

അബൂ ഹുറൈറ  (റ) വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു:  ദാനധർമം ഒരു സ്വത്തും കുറച്ചിട്ടില്ല. വിട്ടുവീഴ്ച കാണിച്ചതിനാൽ അല്ലാഹു ഒരു ദാസനും പ്രതാപമല്ലാതെ വർധിപ്പിച്ചിട്ടുമില്ല. അല്ലാഹുവിന്നായി ഒരാളും വിനയം കാണിച്ചിട്ടില്ല; അവന് അല്ലാഹു ഉയർച്ച നൽകാതെ. (മുസ്‌ലിം)

❖ **വിനയമുള്ളവർക്കാണ് അറിവ് ലഭിക്കുക , വിനയം നശിച്ചാൽ അറിവ് നശിക്കും**

قَـالَ الإمَـامُ ابْـنُ الـقَـيِّمْ رَحِمَهُ الله تعَالى- : مِنْ عَلَامَاتِ الـسَّعَادَةِ وَالـفَلاَحِ : أَنَّ الـعَبْد كلـّما زيد فِي علـمه زيد فِي تواضعه وَرَحمته .....

ഇബ്നൽഖയ്യിം (റഹി) പറഞ്ഞു: വിജയത്തിന്റെയും, സൗഭാഗ്യത്തിന്റെയും അടയാളങ്ങളിൽ പെട്ടതാണ്, തീർച്ചയായും ഒരടിമക്ക് ഇൽമ് വർദ്ധിക്കുമ്പോഴെല്ലാം, അവന്റെ വിനയവും, കാരുണ്യവും വർദ്ധിക്കുക എന്നത് [الفوائد ]

❖ **എവിടെയെല്ലാ വിനയം കാണിക്കണം?**

**1. നടത്തത്തിൽ ഒതുക്കം വേണം**

وَلَا تَمْشِ فِي الْأَرْضِ مَرَحًا ۖ إِنَّكَ لَن تَخْرِقَ الْأَرْضَ وَلَن تَبْلُغَ الْجِبَالَ طُولًا( الإسراء:٣٧)

**റഹ്മാൻ ആയ റബ്ബിന്റെ അടിമകളുടെ ഗുണം വിവരിച്ചപ്പോൾ അല്ലാഹു പറഞ്ഞത്.**

وَعِبَادُ الرَّحْمَٰنِ الَّذِينَ يَمْشُونَ عَلَى الْأَرْضِ هَوْنًا وَإِذَا خَاطَبَهُمُ الْجَاهِلُونَ قَالُوا سَلَامًا (الفرقان:٦٣)

**ഇബ്നുൽ ക്വയ്യിം رحمه الله പറയുന്നു:**

'അഥവാ ആഢ്യതയോ നിഗളിപ്പോ അഹങ്കാരമോ ഇല്ലാതെ സമാധാനവും അടക്കവും വിനയവുമുള്ളവരായി നടക്കുന്നവരാകുന്നു അവർ.'

**സലഫുകൾ നടത്തത്തിൽ പോലും അഹങ്കാരം വരാതെ ശ്രദ്ധിച്ചു**

അംറ് ബിൻ അൽ അസ്വദ് അൽ അൻസി

أَنَّهُ كانَ إذا خَرَجَ مِنَ المَسْجِدِ، قَبَضَ بِيَمِينِهِ عَلى شِمالِهِ، فَسُئِلَ عَنْ ذَلِكَ، فَقالَ :مَخافَةَ أنْ تُنافِقَ يَدِي.

**ഇമാം ദഹബി ഈ സംഭവം പറഞ്ഞ് കൊണ്ട് പറഞ്ഞു**

يُمْسِكُها خَوْفًا مِن أنْ يَخْطُرَ بِيَدِهِ فِي مِشْيَتِهِ، فَإنَّ ذَلِكَ مِنَ الخُيَلاءِ.

**ഇമാം അഹ്മദിനെ പറ്റി മകൻ അബ്ദുള്ള പറയുന്നു:**

عَبْدُ اللهِ بنُ بَكْرٍ :سَمِعْتُ إنْسانًا، يُحَدِّثُ عَنْ أبِي :أنَّهُ كانَ واقِفًا بِعَرَفَةَ، فَرَقَّ، فَقالَ: لَوْلاَ أنِّي فِيهِم، لَقُلْتُ: قَدْ غُفِرَ لَهُم

**2. അഹങ്കാരത്തിന്റെ അടയാളങ്ങളായ വസ്ത്രം ഒഴിവാക്കുക**

عَنِ ابْنِ عُمَرَ : أنَّ النَّبِيَّ - ﷺ - قالَ :بَيْنَما رَجُلٌ يَجُرُّ إزارَهُ مِنَ الخُيَلاءِ خُسِفَ بِهِ فَهُوَ يَتَجَلْجَلُ فِي الأرْضِ إلى يَوْمِ القِيامَةِ». (بخاري)

عَنْ مُعَاذِ بْنِ أَنَسٍ، أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ : مَنْ تَرَكَ اللِّبَاسِ تَوَاضُعًا لِلَّهِ وَهُوَ يَقْدِرُ عَلَيْهِ دَعَاهُ اللَّهُ يَوْمَ الْقِيَامَةِ عَلَى رُءُوسِ الْخَلاَئِقِ حَتَّى يُخَيِّرَهُ مِنْ أَىِّ حُلَلِ الإِيمَانِ شَاءَ يَلْبَسُهَا

മുആദ് ബ്നു അനസ് (റ) വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: വല്ലവനും അല്ലാഹുവിനോടുള്ള വിനയത്താൽ (ആർഭാട)വസ്ത്രം തനിക്ക് (അത് വാങ്ങി ഉപയോഗിക്കുവാൻ) കഴിഞ്ഞിട്ടുകൂടി അതിനെ ഉപേക്ഷിച്ചാൽ അല്ലാഹു അദ്ദേഹത്തെ (മഹ്ശറിൽ) സൃഷ്ടികൾക്കു മുന്നിലേക്ക് വിളിക്കുകയും പിന്നീട് ഈമാനിന്റെ ഉടയാടകളിൽ നിന്ന് താൻ

ഉദ്ദേശിക്കുന്നത് തെരഞ്ഞെടുത്ത് ധരിക്കുവാനുള്ള സ്വാതന്ത്ര്യം നൽകുകയും ചെയ്യും. (തിർമിദി).

**3. സംസാരത്തിൽ വിനയം പ്രകടമാകണം**

وَاقْصِدْ فِي مَشْيِكَ وَاغْضُضْ مِن صَوْتِكَ إِنَّ أَنكَرَ الْأَصْوَاتِ لَصَوْتُ الْحَمِيرِ (لقمان: ١٩)

**നല്ലത് പറയണം.**

عَنْ أَبِي هُرَيْرَةَ عَنْ رَسُولِ اللَّهِ -صلى الله عليه وسلم- قَالَ « مَنْ كَانَ يُؤْمِنُ بِاللَّهِ وَالْيَوْمِ الآخِرِ فَلْيَقُلْ خَيْرًا أَوْ لِيَصْمُتْ – البخاري، مسلم

അബൂഹുറൈറയിൽ (റ) നിന്ന് നിവേദനം: റസൂൽ(സ്വ) പറഞ്ഞു: ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവെങ്കിൽ അവൻ നല്ലത് പറയട്ടെ അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ. (ബുഖാരി– മുസ്‌ലിം)

قال الإمام ابن القيم رحمه الله :إِنَّ العَبْدَ لَيَأْتِي يَوْمَ القِيَامَةِ بِحَسَنَاتِ أَمْثَالِ الجِبَالِ ؛ فَيَجِدُ (لِسَانَهُ) قَدْ هَدَمَهَا عَلَيْهِ كُلَّهَا

ഇമാം ഇബ്നുൽ ഖയ്യിം (റ) പറഞ്ഞു:ഒരു അടിമ ഖിയാമത്ത് നാളിൽ പർവത സമാനമായ നന്മകളുമായ വരും . അപ്പോൾ തന്റെ നാവ് (ആ നൻമകളെ) മുഴുവൻ പൊളിച്ച് കളഞ്ഞതായി അവൻ കണ്ടെത്തും. (അൽ ജവാബുൽ കാഫി)

**ഇമാം അൽ മാവർദി رحمه الله പറഞ്ഞു**

قال الماوردي رحمه الله تعالى: القلوبُ أوعيةٌ للأسْرارِ، والشِّفاهُ أقفالها والألسنُ مفاتيحُها، فلْيَحْفظ كُلُّ امْرِئٍ مِفتاحَ سِرِّه....!

ഹൃദയങ്ങൾ രഹസ്യങ്ങളുടെ സൂക്ഷിപ്പു സ്ഥലങ്ങളാണ്, വായകൾ അവ (രഹസ്യങ്ങൾ) യുടെ താഴുകളും, നാവുകൾ താക്കോലുകളുമാണ്. അതുകൊണ്ട് ഓരോ വ്യക്തികളും തങ്ങളുടെ രഹസ്യത്തിന്റെ താക്കോലിനെ സംരക്ഷിച്ചു കൊള്ളട്ടെ ! (അദബുദ്ദുൻയാവദ്ദീൻ)

**4. സത്യത്തിന് കീഴൊതുക്കൽ വിനയമാണ്**

عَنْ عَبْدِ اللَّهِ بْنِ مَسْعُودٍ ، عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ : " لَا يَدْخُلُ الْجَنَّةَ مَنْ كَانَ فِي قَلْبِهِ مِثْقَالُ ذَرَّةٍ مِنْ كِبْرٍ". قَالَ رَجُلٌ : إِنَّ الرَّجُلَ يُحِبُّ أَنْ يَكُونَ ثَوْبُهُ حَسَنًا وَنَعْلُهُ حَسَنَةً. قَالَ : " إِنَّ اللَّهَ جَمِيلٌ يُحِبُّ الْجَمَالَ، الْكِبْرُ بَطَرُ الْحَقِّ، وَغَمْطُ النَّاسِ"

നമ്മുടെ നാവിലൂടെ വന്ന അഭിപ്രായം മാത്രം സ്വീകരിക്കലല്ല, നമ്മുടെ ഇഷ്ടക്കാർ പറഞ്ഞാൽ മാത്രമല്ല സ്വീകരിക്കേണ്ടത്. നാം കീഴൊതുങ്ങേണ്ടത് സത്യത്തിനാകണം

അഹങ്കാരമാണ് ആദ്യത്തെ തിന്മ, ഇബ്ലീസിനെ അല്ലാഹു വിനോട് എതിര് പ്രവർത്തിക്കാൻ പ്രേരിപ്പിച്ചതും ഇതാണ്

قَالَ مَا مَنَعَكَ أَلَّا تَسْجُدَ إِذْ أَمَرْتُكَ قَالَ أَنَا خَيْرٌ مِّنْهُ خَلَقْتَنِي مِن نَّارٍ وَخَلَقْتَهُ مِن طِينٍ

## 5. നബി (സ്വ) യുടെ വിനയം

**പടപ്പുകളോട് വിനയത്തിലും കാരുണ്യത്തിലുമായിരുന്ന നബി ﷺ പെരുമാറിയുരുന്നത്.**

فَبِمَا رَحْمَةٍ مِّنَ اللَّهِ لِنتَ لَهُمْ وَلَوْ كُنتَ فَظًّا غَلِيظَ الْقَلْبِ لَانفَضُّوا مِنْ حَوْلِكَ فَاعْفُ عَنْهُمْ وَاسْتَغْفِرْ لَهُمْ وَشَاوِرْهُمْ فِي الْأَمْرِ فَإِذَا عَزَمْتَ فَتَوَكَّلْ عَلَى اللَّهِ إِنَّ اللَّهَ يُحِبُّ الْمُتَوَكِّلِينَ ﴿آل عمران: ١٥٩﴾

**നബി ﷺ യുടെ വിനയം അവിടുത്തെ രാഷ്ട്രീയ-സാമൂഹിക-കുടുംബ രംഗങ്ങളിലെല്ലാം നിഴലിച്ചു നിന്നു.**

عَنْ أَبِي ذَرٍّ، وَأَبِي، هُرَيْرَةَ قَالاَ كَانَ رَسُولُ اللَّهِ صلى الله عليه وسلم يَجْلِسُ بَيْنَ ظَهْرَىْ أَصْحَابِهِ فَيَجِيءُ الْغَرِيبُ فَلاَ يَدْرِي أَيُّهُمْ هُوَ حَتَّى يَسْأَلَ فَطَلَبْنَا إِلَى رَسُولِ اللَّهِ صلى الله عليه وسلم أَنْ نَجْعَلَ لَهُ مَجْلِسًا يَعْرِفُهُ الْغَرِيبُ إِذَا أَتَاهُ

അബൂദർറ് (റ) , അബൂഹുറൈറ (റ) എന്നിവർ പറയുന്നു: നബി ﷺ തന്റെ അനുചരന്മാരോടൊത്ത് ഇരിക്കുമായിരുന്നു. എത്രത്തോളമെന്നാൽ അപരിചിതനായ ഒരു വ്യക്തി വന്നാൽ തങ്ങളിൽ ആരാണ് നബിയെന്ന് ചോദിച്ച മനസ്സിലാക്കുന്നതുവരെ അയാൾക്ക് അറിയുമായിരുന്നില്ല. അതിനാൽ അപരിചിതൻ വന്നാൽ തിരുമേനിയെ തിരിച്ചറിയുവാൻ ഒരു ഇരിപ്പിടം ഉണ്ടാക്കിക്കൊടുക്കുവാൻ അദ്ദേഹത്തോട് ഞങ്ങൾ ആവശ്യപ്പെട്ടു. (അബൂദാവൂദ്)

---

- ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്ത് വാട്സാപ്പ് മെസേജ് അയക്കുക.
- ഖുത്തുബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:
https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA
- ഇതു വരെയുള്ള എല്ലാ ഖുത്തുബകളും ലഭിക്കാൻ ടെലിഗ്രാം ചാനലിൽ അംഗമാവുക.
https://t.me/joinchat/ScQonQalrhJaZcA_